തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി, കൈത്തറി തൊഴിലാളി ക്ഷേമനിധി, ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം, തയ്യൽ തൊഴിലാളി ക്ഷേമനിധി, കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി, ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി, ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി, കർഷക തൊഴിലാളി ക്ഷേമനിധി, ഈറ്റ-കാട്ടുവള്ളി തഴപ്പാ തൊഴിലാളി ക്ഷേമനിധി എന്നീ ബോർഡുകൾക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സർക്കാർ കോൺട്രിബ്യൂഷൻ നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്.

(ബി) തൊഴിലാളി ക്ഷേമനിധി ബോർഡുകൾക്ക് നിയമപ്രകാരം ലഭിക്കേണ്ട വിഹിതം എത്രയാണെന്ന് ബോർഡിന്റെ ആഡിറ്റ് ചെയ്ത കണക്ക് അനുസരിച്ചും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുമാണ് നിശ്ചയിക്കുന്നത്. 2002-03 വർഷം ഒരുകോടി എൺപത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റിഏഴായിരം രൂപ വിവിധ ക്ഷേമ നിധി ബോർഡുകൾക്ക് ഗവൺമെന്റ് കോൺട്രിബ്യൂഷനായി നൽകിയിട്ടുണ്ട്.

ബസ്സുകളുടെ അമിതവേഗത നിയന്ത്രിക്കാൻ നടപടി

*7 [907] ഡോ. തോമസ് ഐസക്:
ശ്രീ. എം. വി. ജയരാജൻ:
,, വി. കെ. സി. മമ്മത്കോയ:
,, എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ കൗൺസിൽ യോഗം വിളിച്ചുചേർക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ആയതിന്റെ ഏറ്റവും അവസാനമായി യോഗം ചേർന്നത് എപ്പോഴായിരുന്നു;

(ബി) റോഡ് സുരക്ഷാ കൗൺസിൽ കൈക്കൊണ്ട ഏതെല്ലാം തീരുമാനങ്ങളാണ് ഇനിയും നടപ്പിൽ വരുത്തേണ്ടതായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ബസ്സുകളുടെ അമിതവേഗത നിയന്ത്രിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങളെക്കുറിച്ച് സുരക്ഷാ കൗൺസിൽ വിളിച്ചു ചേർത്ത് അടിയന്തിരമായി ചർച്ചചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഉണ്ട്. 7-2-2003-ൽ ആണ് കൗൺസിൽ അവസാനമായി യോഗം ചേർന്നത്.

(ബി) റോഡ് സുരക്ഷാ കൗൺസിൽ കൈക്കൊണ്ട ഒട്ടുമിക്ക തീരുമാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. ശേഷിച്ചവ നടപ്പിലാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ നടപടികളെടുത്തുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബസ്സുകളുടെ അമിത വേഗത നിയന്ത്രിക്കുന്നതിന് ബസ്സുകളിൽ 1-9-2003 മുതൽ സ്പീഡ് ഗവർണർ ഘടിപ്പിയ്ക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

ഐ. ടി. ഐ. കോഴ്സുകളും സിലബസ്സും പരിഷ്ക്കരിക്കാൻ നടപടി

*8 [908] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ നടത്തുന്ന കോഴ്സുകളും അവയുടെ സിലബസ്സുകളും പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി കൂടുതൽ കോഴ്സുകൾ ഉൾപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇതിനെക്കുറിച്ച് പഠിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി ഏതെങ്കിലും കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഇല്ലെങ്കിൽ ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ജി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പത്താം പഞ്ചവത്സര പദ്ധതിക്കാലത്ത് സംസ്ഥാന സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുത്താതെ കൂടുതൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഇതിനായി ഐ.ടി.ഐ.-കളിൽ അപ്രചാരമായതും തൊഴിൽ സാധ്യത കുറഞ്ഞതുമായ ട്രേഡുകളുടെ ഏതാനും യൂണിറ്റുകൾ കുറവ് ചെയ്ത് പകരം തൊഴിൽ സാധ്യത കൂടിയ ട്രേഡുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇത് സംബന്ധമായി റീവാംബിംഗ് ഓഫ് വൊക്കേഷണൽ ട്രെയിനിംഗ് കോഴ്സ് എന്ന സ്കീം നടപ്പി

LIBRARY ARCHIVES Kerala Legislative Assembly